"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - കൊട്ടമൺ ഗ്രാമപഞ്ചായത്ത് - സീനിയർ ക്ലർക്ക് ശ്രീമതി.അമ്പിളി. എസ് ഫയൽ ചെയ്ത ഒ എ 1472/2024 നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.173/2025/LSGD തീയതി,തിരുവനന്തപുരം, 18-01-2025

---

പരാമർശം:-

1. 16.03.2024ലെ സഉ(കൈ)നം.46/2024/തസ്വഭവനമ്പർ ഉത്തരവ്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2024 ലെ LSGD/PD/6478/2O24-DED1-PART(1) നമ്പർ നടപടിക്രമം
3. ശ്രീമതി.അമ്പിളി എസ് സമർപ്പിച്ച 28.09.2024ലെ അപ്പീൽ അപേക്ഷ (അനക്ഷർ എ9)
4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1472/2024 നമ്പർ കേസിന്മേലുള്ള 03.10.2024ലെ അന്തിമ ഉത്തരവ്
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.11.2024ലെ LSGD/PD/38853/2024-DEC1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ കൊട്ടമൺ ഗ്രാമപഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലർക്ക്, ശ്രീമതി അമ്പിളി.എസ്-ന്റെ ഏറത്ത് ഗ്രാമപഞ്ചായത്തിലേയ്ക്കുള്ള സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കാതെ പ്രസ്തുത ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഒഴിവിലേക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീ.ശ്രീകുമാർ.എസ്-ന് സ്ഥലംമാറ്റം അനുവദിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (2) നടപടിയ്ക്കെതിരെ ശ്രീമതി അമ്പിളി.എസ്, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA 1472/2024 നമ്പർ കേസിന്മേലുള്ള പരാമർശം (4) ഉത്തരവിൽ അപേക്ഷകയേയും 3-ാം എതിർകക്ഷിയായ ശ്രീ.ശ്രീകുമാർ. എസ് -നെയും നേരിൽ കേട്ട ശേഷം അപേക്ഷക സമർപ്പിച്ചിട്ടുള്ള പരാമർശം (3) പ്രകാരമുള്ള Annex A9 അപ്പീൽ അപേക്ഷ പരിശോധിച്ച് ആറാഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് 1-ാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. പഞ്ചായത്തു വകുപ്പിലെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ 2024 വർഷത്തെ ജനറൽ ട്രാൻസ്ഫറിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചതു പ്രകാരം യഥാവിധി അപേക്ഷ സമർപ്പിക്കുകയും കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ ഒന്നാമത്തെ ഓപ്ഷനായ ഏറത്ത് ഗ്രാമ പഞ്ചായത്തിലേക്ക് ഉൾപ്പെടുകയും ചെയ്തിരുന്നു എന്നും, എന്നാൽ പരാമർശം (2) ഉത്തരവ് പ്രകാരം അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ ടിയാൾക്ക് ട്രാൻസ്ഫർ നിഷേധിക്കുകയും പകരം കരട് ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിൽ പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലേക്ക് ഉണ്ടായിരുന്ന ശ്രീ. ശ്രീകുമാർ (പെൻ 500373) എന്നയാൾക്ക് സ്ഥലം മാറ്റം നൽകി എന്നും, നിലവിലെ സ്റ്റേഷനിൽ 773 ദിവസത്തെ സീനിയോറിറ്റി ഉള്ള ടിയാളെ മാറ്റി നിർത്തി ഇടുക്കി ജോയിന്റ് ഡയറക്ടർ ഓഫീസിൽ 255 ദിവസം മാത്രം സീനിയോറിറ്റി ഉള്ള ആളിനെ പരിഗണിച്ചത് തികച്ചും തെറ്റായ നടപടിയാണെന്നും, ടിയാളുടെ അപേക്ഷയോടൊപ്പം പ്രവാസിയായ കേരളീയന്റെ ഭാര്യ

സ്ട്രോക്ക് ബാധിച്ച് ചികിത്സയിലുള്ള മാതാവ് ടിയാളുടെ സംരക്ഷണയിലാണ് എന്നീ രണ്ടു പരിഗണനാർഹമായ സർട്ടിഫിക്കറ്റുകൾ ചേർത്തു സമർപ്പിച്ചിരുന്നു എന്നും എന്നാൽ മറ്റു ജില്ലകളിൽ നിന്നും പത്തനംതിട്ട ജില്ലയിലേക്കു ട്രാൻസ്ഫർ ലഭിച്ചവരിൽ പ്രവാസിയുടെ ഭാര്യയായിട്ടുള്ളവരെ സ്റ്റേഷൻ സിനിയോറിറ്റി ഇല്ലാതിരുന്നിട്ടും പ്രത്യേക പരിഗണന എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ടെന്നും നിലവിൽ ഏറത്തു ഗ്രാമ പഞ്ചായത്തിൽ ടിയാൾക്കു പകരം സീനിയോറിറ്റി മറികടന്ന് ട്രാൻസ്ഫർ നൽകിയിട്ടുള്ള ആളിന് അദ്ദേഹത്തിന്റെ ഓപ്ഷനുകളിൽ ഒന്നായ അടൂർ മുൻസിപ്പാലിറ്റിയിലുള്ള ഒഴിവിലേക്കോ മറ്റൊരു ഓപ്ഷനായ കൊടുമൺ ഗ്രാമ പഞ്ചായത്തിലേക്കോ സ്ഥലംമാറ്റ ഉത്തരവ് നൽകിയിരുന്നെങ്കിൽ നിയമപരമായും ടിയാൾക്ക് കിട്ടേണ്ട ട്രാൻസ്ഫർ ലഭിക്കുമായിരുന്നു എന്നും ടിയാൾക്ക് ന്യായമായും ലഭിക്കേണ്ടിയിരുന്ന കംപാഷണേറ്റ് ഗ്രൗണ്ട് പരിഗണിച്ച് അർഹമായ സ്ഥലം മാറ്റ ഉത്തരവ് ഏറത്ത് ഗ്രാമ പഞ്ചായത്തിലേക്ക് അനുവദിക്കണം എന്നതുമാണ് പരാമർശം (3) പ്രകാരമുള്ള Annex A9 അപ്പീൽ അപേക്ഷയിലെ ആവശ്യം.

3. പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജി കക്ഷിയേയും 3-ാം എതിർ കക്ഷിയായ ശ്രീ.ശ്രീകുമാർ എസ് -നെയും നേരിൽ കേൾക്കുകയുണ്ടായി. തദവസരത്തിൽ, മേൽ അപ്പീൽ ഹർജിയിലെ ആവശ്യം അപേക്ഷക ആവർത്തിക്കുകയും സ്ട്രോക്ക് ബാധിച്ച മാതാവിന്റെ ചികിത്സാ വിവരങ്ങൾ ഉൾപ്പെടുത്തി കംപാഷണേറ്റ് ഗ്രൗണ്ടിലും പ്രവാസിയുടെ ഭാര്യ എന്ന വിഭാഗത്തിലും പരിഗണിക്കുന്നതിനായാണ് അപേക്ഷിച്ചിരുന്നതെന്നും കരട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നെങ്കിലും അന്തിമ ലിസ്റ്റിൽ രണ്ട് വിഭാഗത്തിലും തന്നെ പരിഗണിച്ചില്ലെന്നും സീനിയോറിറ്റി മറികടന്നാണ് 3-ാം എതിർ കക്ഷിയായ ശ്രീ.ശ്രീകുമാറിന് സ്ഥലംമാറ്റം അനുവദിച്ചതെന്നും പരാമർശം (3) അപ്പീൽ അപേക്ഷ പരിഗണിച്ച് ഏറത്ത് ഗ്രാമപഞ്ചായത്തിൽ സ്ഥലംമാറ്റം അനുവദിക്കണമെന്നും അപേക്ഷക അറിയിച്ചു.

4. ഒരു വർഷത്തോളമായി ഇടുക്കി ജില്ലയിലാണ് സേവനമനുഷ്ഠിച്ച് വരുന്നതെന്നും ഹൃദയസംബന്ധമായ ചികിത്സയിലുള്ള മാതാവിന്റെ, സിവിൽ സർജൻ സാക്ഷ്യപ്പെടുത്തിയ ചികിത്സാ സംബന്ധമായ രേഖകളുടെ അടിസ്ഥാനത്തിൽ കംപാഷണേറ്റ് അടിസ്ഥാനത്തിലാണ് ഒന്നാം ഓപ്ഷനായ ഏറത്ത് പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചതെന്നും കേസിലെ 3-ാം എതിർ കക്ഷിയായ ശ്രീ. ശ്രീകുമാർ അറിയിച്ചു.

5. തദ്ദേശ സ്വയംഭരണ വകുപ്പിലെ 2024-ലെ പൊതു സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്തിരിക്കുന്ന പരാമർശം (1) ഉത്തരവിലെ 2(എഫ്) പ്രകാരം പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി അപേക്ഷിക്കുന്ന പക്ഷം മൂന്ന് വർഷം പൂർത്തിയായിട്ടില്ലെങ്കിലും അർഹതയുടേയും ലഭ്യമാകുന്ന ഒഴിവുകളുടേയും അടിസ്ഥാനത്തിൽ സ്ഥലംമാറ്റം അനുവദിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും, എന്നാൽ ശ്രീമതി അമ്പിളി. എസ് (പെൻ 575535 ) ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ അർഹതപ്പെട്ട ഒഴിവുകൾ ഇല്ലാതിരുന്ന സാഹചര്യത്തിലാണ് അന്തിമ സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടാതിരുന്നതെന്നും, പ്രത്യേക മുൻഗണനകൾ, അനുകമ്പാർഹമായ കാരണങ്ങൾ മുതലായ എല്ലാ പരിഗണനകളും ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള ക്യൂ ലിസ്റ്റ് പ്രകാരം മാത്രമേ സ്ഥലംമാറ്റം അനുവദിക്കുന്നതിന് കഴിയുകയുള്ളുവെന്നും അല്ലാത്തപക്ഷം മറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തെ ബാധിക്കുകയും ചെയ്യുമെന്നും മേൽ സാഹചര്യത്തിൽ ടിയാൾ ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ ലഭ്യമാകുന്ന ഒഴിവുകളുടെയും അർഹതയുടേയും ക്യൂ ലിസ്റ്റിന്റേയും അടിസ്ഥാനത്തിലേ ടിയാളുടെ അപേക്ഷ പരിഗണിക്കാനാകൂ എന്നും കൂടാതെ, കംപാഷണേറ്റ് ഗ്രൗണ്ടിൽ സ്ഥലംമാറ്റം അനുവദിക്കുന്നതിന് ഉപോത്ബലകമായി സമർപ്പിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് സിവിൽ സർജൻ സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന് പരാമർശം (1) ഉത്തരവ്പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണെന്നും സിവിൽ സർജൻ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റില്ലാതെയാണ് അപേക്ഷക സ്ഥലംമാറ്റത്തിനായുള്ള അപേക്ഷ സമർപ്പിച്ചിരുന്നതെന്നും എന്നാൽ ശ്രീ. ശ്രീകുമാർ സിവിൽ സർജൻ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റോടുകൂടിയാണ് കംപാഷണേറ്റ് ഗ്രൗണ്ടിൽ അപേക്ഷിച്ചിരുന്നതെന്നും അതിൻ പ്രകാരമാണ് ശ്രീ.ശ്രീകുമാറിന് സ്ഥലംമാറ്റം അനുവദിക്കപ്പെട്ടിരിക്കുന്നതെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. തദ്ദേശ സ്വയംഭരണ വകുപ്പിലെ പൊതു സ്ഥലംമാറ്റതിന് വ്യവസ്ഥ ചെയ്തിരിക്കുന്ന പരാമർശം(1) ഉത്തരവിന്റേയും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്ന പരാമർശം (1) ഉത്തരവിലെ ക്രമ നമ്പർ 9 (എ)

പ്രകാരം ഒരു ജില്ലയിൽ സ്ഥലംമാറ്റത്തിനായി മുൻഗണന നൽകുന്ന എല്ലാ വിഭാഗങ്ങളുടേയും മൊത്തം ശതമാനം ചുവടെപ്പറയും വിധത്തിൽ അതതു ജില്ലകളിലെ ആകെ സ്ഥലം മാറ്റത്തിനായി പരമാവധി 28 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

1. പ്രത്യേക മുൻഗണനാ വിഭാഗം(Special Priority) - 15%
2. അനുകമ്പാർഹം (Compassionate Priority) -5%

അനുകമ്പാർഹമായ മുൻഗണന 9(ബി)(i) പ്രകാരം അനുകമ്പാർഹ മുൻഗണനക്കായി ഹാജരാക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സർക്കാർ സിവിൽ സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നുള്ളതും അപേക്ഷ തീയതിയിൽ ഒരു വർഷക്കാലയളവിനുള്ളിൽ ഉള്ളതും ആയിരിക്കേണ്ടതാണ്. 28.02.2022 മുതൽ കൊടുമൺ ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി അമ്പിളി എസ് പ്രസ്തുത പഞ്ചായത്തിൽ 3 വർഷം പൂർത്തിയാക്കിയിട്ടില്ല. ശ്രീ. ശ്രീകുമാറിനേക്കാളും ടിയാൾക്ക് സ്റ്റേഷൻ സീനിയോറിറ്റിയുണ്ടെങ്കിലും 'ജീവനക്കാരിയെ പൂർണമായും ആശ്രയിച്ച് കഴിയുന്ന മകന്/ മകൾക്ക്/ മാതാവിന്/ പിതാവിന് ജീവനക്കാരന്റെ/ ജീവനക്കാരിയുടെ സാന്നിധ്യവും പരിചരണവും അത്യന്താപേക്ഷിതമാണെന്ന' വിഭാഗത്തിൽ അപേക്ഷിക്കുന്നതിന് അനുപേക്ഷണീയമായ സിവിൽ സർജൻ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റില്ലാതെയാണ് അപേക്ഷക കംപാഷണേറ്റ് ഗ്രൗണ്ടിൽ സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചത്. എന്നാൽ ശ്രീ. ശ്രീകുമാർ ഈ വിഭാഗത്തിൽ അനുപേക്ഷണീയമായ സിവിൽ സർജൻ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റോടു കൂടി അപേക്ഷിച്ചതിനാൽ നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയായിട്ടില്ലെങ്കിലും കംപാഷണേറ്റ് ഗ്രൗണ്ടിൽ അനുവദിച്ചിരിക്കുന്ന സ്ഥലംമാറ്റം ക്രമപ്രകാരമാണ് .

7. മേൽ സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പിലെ സീനിയർ ക്ലർക്ക് ശ്രീ. ശ്രീകുമാറിനെ ഏറത്ത് ഗ്രാമപഞ്ചായത്തിൽ നിയമിച്ച പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (2) നടപടി ക്രമപ്രകാരമായതിനാൽ പ്രസ്തുത പഞ്ചായത്തിൽ നിയമിക്കണമെന്ന ശ്രീമതി അമ്പിളി എസ് -ന്റെ പരാമർശം (3) പ്രകാരമുള്ള അപേക്ഷ നിരസിച്ചും എന്നാൽ പത്തനംതിട്ട ജില്ലയിൽ Final Queue List of Applicants working inside district on station seniority വിഭാഗത്തിലോ Final Queue List of Applicants on Special Priority inside district വിഭാഗത്തിലോ ഊഴമനുസരിച്ച് നിയമനം നൽകുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

8. മേൽപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1472/2024 നമ്പർ കേസിന്മേലുള്ള പരാമർശം (4) ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2.അഡ്വക്കേറ്റ് ജനറൽ , കേരള , തിരുവനന്തപുരം( ആമുഖകത്ത് സഹിതം)
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
4.സെക്രട്ടറി, ഏറത്ത് ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീമതി.അമ്പിളി എസ് , സീനിയർ ക്ലർക്ക് , കൊടുമൺ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.226/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 18-01-2025 14:44:47